FIN·B1-34436/17

# പരിശോധനാ റിപ്പോർട്ട്

ജില്ലാ പട്ടികജാതി വികസന ആഫീസ് ഇടുക്കി.

പരിശോധനാ കാലയളവ് : 01.04.2016 മുതൽ 18.09.2017 വരെ

പരിശോധനാ വിഭാഗം : ഫിൻ ഡി വിഭാഗം, പട്ടികജാതി വികസന വകുപ്പ്, ഡയറക്ടറേറ്റ്, തിരുവനന്തപുരം

സീനിയർ സൂപ്രണ്ട് : കെ.എസ്.സുദർശനൻ ആചാരി

സീനിയർ ക്ലാർക്ക് : എം.എ.നിദീഷ്

പരിശോധനാ തീയതി : 14/11/2017 മുതൽ 17/11/2017 വരെ

## പരിശോധന കാലയളവിലെ ജില്ലാ പട്ടികജാതി വികസന ആഫീസർമാർ

| | | |
|---|---|---|
| 1 | ശ്രീ.പി.എ.ശശി | 18.01.2016 മുതൽ 28.02.2017 വരെ |
| 2 | ശ്രീമതി.സിന്ധുപരമേശ് (ചാർജ്) | 01.03.2017 മുതൽ 19.05.2017 വരെ |
| 3 | ശ്രീമതി.ലിസാ.ജെ | 20.05.2017 മുതൽ 31.05.2017 വരെ |
| 4 | ശ്രീമതി.സിന്ധുപരമേശ് (ചാർജ്) | 01.06.2017 മുതൽ 12.06.2017 വരെ |
| 5 | ശ്രീ.ടോമി ചാക്കോ | 13.06.2017 മുതൽ 18.09.2017 വരെ |

## ഭാഗം I

**ആമുഖം:-**

### a. അക്കൗണ്ട് ജനറലിന്റെ പരിശോധനാ റിപ്പോർട്ട്

OA(HQ)/IV/11/12-168/15-16/680 പ്രകാരം കണക്കുകളുടെ 01/12/2014 മുതൽ 31/10/2015 വരെയുള്ള പരിശോധന കുറിപ്പിനു 07/17 ൽ കോട്ടയത്തുവച്ചു നടന്ന അദാലത്തിൽ മറുപടി നൽകിയതിന്റെ പകർപ്പു ഫയലിൽ കാണുന്നു. അംഗീകരിച്ചു ലഭിച്ചതിന്റെയോ തുടർ നടപടികളുടേയോ വിവരങ്ങൾ ലഭ്യമല്ല.

അക്കൗണ്ടന്റ് ജനറലിന്റെ മുൻപരിശോധന കുറിപ്പുകളിലും അന്തിമ മറുപടി നൽകാത്തതുകൊണ്ട് തീർപ്പാക്കാതെ ഖണ്ഡികകൾ അവശേഷിക്കുന്നുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പരിശോധനാകുറിപ്പു നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1 | OA/(HQ)/IV/II/12-636/07-08 | Part II B-I, II, III, V, VIII, IX |
| 2 | OA/(HQ)IV/II/12-1096/08-09 | Part II B – I, III, IV |
| 3 | OA/(HQ)IV/II/12-528/12-13 | Part II B – I, II |
| 4 | OA/(HQ)IV/II/12-363/13-14 | Part II B – I to V |
| 5 | OA/(HQ)IV/II/12-258/14-15 | Part II B – I to IV |

മേൽ ഖണ്ഡികകൾക്കു മറുപടി നൽകണമെന്നു 17/03/2016 ബി3 3497/15 നമ്പർ കത്തുപ്രകാരം നിർദ്ദേശിച്ചിരുന്നുവെങ്കിലും ഈ കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. കാരണം വിശദീകരിക്കേണ്ടതും മറുപടി നൽകി ഫയൽ തീർപ്പാക്കേണ്ടതുമാണ്.

ബി. <u>വകുപ്പുതല പരിശോധന</u>

01/04/2011 മുതൽ 31/03/2013 വരെയുള്ള കാലയളവിലെ പരിശോധന കുറിപ്പു 09/02/2015 ലെ ഫിൻ ബി1 -2905 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയതിനു 13/11/17 ലെ അക്കൗണ്ട് 3408/16 പ്രകരം ന്യൂനത പരിഹരണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. മറ്റു വിവരങ്ങൾ ലഭ്യമല്ല.

01/04/2013 മുതൽ 31/03/2016 വരെയുള്ള കാലയളവിലെ പരിശോധന കുറിപ്പു 26/04/2017 ലെ ബി1- 8502/17 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയിരുന്നുവെങ്കിലും ന്യൂനത പരിഹരണ റിപ്പോർട്ടു സമർപ്പിച്ചിട്ടില്ല.

മേൽ പരാമർശങ്ങൾക്കു വിശദീകരണത്തോടൊപ്പം, മറുപടി യഥാസമയം നൽകി ഫയൽ തീർപ്പാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം II

(എ) **ക്യാഷ് ബുക്ക്/ബിൽ ബുക്ക്**

1. EPB/107/16-17 തീയതി 12/08/2016 ബിൽ പ്രകാരം 21,510/- രൂപ മാറിയിട്ടുള്ളതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 21,710/- വരവ് കാണിച്ചിരിക്കുന്നു. തുകയിൽ വ്യത്യാസമുണ്ടാകുവാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ CB/142/16-17 wages ബിൽ പ്രകാരം 9,880/- രൂപ മാറിയിട്ടുള്ളതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ 9,881/- രൂപ വരവ് കാണിച്ചിരിക്കുന്നു. വിശദീകരിക്കേണ്ടതാണ്.

2. CB/157/16-17 തീയതി 04/11/16 പരകാരം wages ഇനത്തിൽ 6,300/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിക്കുകയും ടി ബിൽ ട്രഷറി ഓഫീസർ Object ചെയ്തതായും കാണുന്നു. എന്നാൽ 04/11/2016 ന് ക്യാഷ്ബുക്കിൽ വരവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

3. ബിൽ ബുക്ക് പ്രകാരം PFA/158/16-17 GPF തീയതി 08/11/16, 29,000/- രൂപയുടെ ബിൽ സമർപ്പിച്ചിരിക്കുന്നു. ടി ബിൽ ട്രഷറി ഓഫീസർ Object ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ പിന്നീട് ബിൽ Objection പരിഹരിച്ച് ഹാജരാക്കിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

4. CB219/16–17 തീയതി 27/01/2017 പ്രകാരം 29,55,000/- രൂപ മാറിയിട്ടുള്ളതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ എൻട്രി വരുത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദീകരിക്കേണ്ടതാണ്.

5. EPB/11/17-18 (wages) തീയതി 05/05/2017 ബിൽ പ്രകാരം 18,492/-രൂപ മാറിയതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 09/05/2017 ന് 19,692/- രൂപ വരവ് കാണിച്ചിരിക്കുന്നു. തുകയിൽ ഇപ്രകാരം വ്യത ്യാസം വരുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ന്യൂനതൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി. **<u>അക്വിറ്റൻസ് (സ്റ്റാഫ്)</u>**

1. 'SPARK' മുഖേന തുക വിതരണം നടത്തിവരുന്നു. രജിസ്റ്റർ ജില്ലാ പട്ടികജാതി വിസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
2. 05/09/16 ന് ശേഷം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. SPARK ൽ നിന്ന് Payment Details ന്റെ Printout എടുത്ത് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും ജില്ലാ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

സി. **<u>അക്വിറ്റൻസ് (പി.റ്റി.എസ്)</u>**

1. 05/09/2016 നു ശേഷം രജിസ്റ്റർ പരിപാലിക്കുന്നില്ല. മേൽ സൂചിപ്പിച്ച പ്രകാരം രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡി. **<u>അക്വിറ്റൻസ് (അപ്രന്റീസ് ക്ലർക്ക്)</u>**

1. 07/10/2016 ന് ശേഷം രജിസ്റ്റർ പരിപാലിച്ചുവരുന്നില്ല. രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇ. **TR-5 രസീത്/ സ്റ്റോക്ക് രജിസ്റ്റർ**

1. പുതിയ രീതിയിലുള്ള TR-5 രസീതുകൾ ലഭ്യമാക്കി സൂക്ഷിച്ചുവരുന്നു. പരിശോധനാ കാലയളവിൽ TR-5 രസിത് മുഖേന സാമ്പത്തിക ഇടപാടുകൾ നടത്തിയതായി കാണുന്നില്ല. ബുക്ക് നമ്പർ 07276, 0727501 മുതൽ 600 വരെയുള്ള രസീതുകൾ അവശേഷിക്കുന്നു.
2. സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചു വരുന്നു.

എഫ്. **ചെലാൻ ഫയൽ**

പരിശോധനാ കാലയളവിൽ ചെലാൻ മുഖേന തുക തിരിച്ചടച്ചിട്ടുള്ളതായി കാണുന്നില്ല. മറ്റ് പരാമർശമില്ല.

ജി. **T.A ബിൽ ഓഫീസ് കോപ്പികൾ**

1. ബില്ലുകളുടെ ഓഫീസ് കോപ്പികളിൽ ബിൽ നമ്പർ, തീയതി, ആകെ തുക തുടങ്ങിയ രേഖപ്പെടുത്തലുകൾ നടത്തുന്നതായി കാണുന്നില്ല.
2. പെർമനന്റ് ട്രാവലിംഗ് അലവൻസ് (PTA) അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥർ തങ്ങളുടെ കർത്തവ്യ മണ്ഡലത്തിന് പുറത്തുള്ള യാത്രയ്ക്കായി TA മാറുന്ന സാഹചര്യങ്ങളിൽ പെർമനന്റ് ട്രാവലിംഗ് അലവൻസിൽ നിന്നും ആനുപാതികമായ കുറവ് വരുത്തേണ്ടതാണ് എന്നിരിക്കെ അപ്രകാരം ചെയ്യുന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

   TA-207/16-17, TA-208/16-17, TA- 209/16-17 എന്നീ ബില്ലുകൾ പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസർ ട്രാവലിംഗ് അലവൻസ് ഇനത്തിൽ യഥാക്രമം 1330, 2406, 2406 എന്നിങ്ങനെ മാറിയതായി കാണുന്നു. കൂടാതെ TA/98/17-18 ബിൽ പ്രകാരം 20,570/- രൂപ ട്രാവലിംഗ് അലവൻസായി മാറിയിട്ടുണ്ട്. എന്നാൽ ടി ബില്ലുക ളിൽ സ്ഥിരം യാത്രാബത്തയിൽ നിന്ന് ആനുപാതികമായ കുറവ് വരുത്തിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

## (എച്ച്) ചെക്ക് ഇഷ്യൂ രജിസ്റ്റർ

1. രജിസ്റ്റർ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ജില്ലാ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല. ഉദാ:- രജിസ്റ്റർ പേജ് നമ്പർ -17 ൽ Sl.No.111 മുതൽ 117 വരെയുളള രേഖപ്പെടുത്തലുകൾ.

## (ഐ) ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

1. Art.63 of KFC Vol I പ്രകാരം നിഷ്കർഷിച്ചിട്ടുളള മാതൃകയിലുളള രജിസ്റ്റർ പരിപാലിയ്ക്കേണ്ടതും. മേൽ ചട്ടപ്രകാരം നിർദ്ദേശിച്ചിട്ടുളള രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## (ജെ) പണം പറ്റ് രസീതുകൾ

1. താഴെപ്പറയുന്ന ദിവസങ്ങളിലെ ചെലവുകൾ സംബന്ധിച്ച ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| തീയതി | തുക |
|---|---|
| 06.04.2016 | 20231 |
| 28.12.2016 | 30348 |
| 07.04.2016 | 30000 |
| 07.04.2016 | 31500 |
| 07.04.2016 | 2000 |
| 12.04.2016 | 624750 |
| 16.06.2016 | 9006 |
| 22.06.2016 | 2824 |
| 12.08.2016 | 1202 |
| 12.08.2016 | 3000 |
| 30.09.2016 | 1485 |
| 05.11.2016 | 6300 |
| 23.11.2016 | 2620 |
| 07.01.2017 | 30348 |
| 29.07.2017 | 17970 |

ലോഗ് ബുക്ക് (KL-01-BR-8595, BOLERO)

1. ഇന്ധന ഉപയോഗം സംബന്ധിക്കുന്ന സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നുണ്ട് എങ്കിലും ആയത് ജില്ലാ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

ഉദാ:- 28.01.2017 മുതലുള്ള രജിസ്റ്ററിൽ പേജ് നമ്പർ 6 മുതൽ പേജുകൾ

2. വാഹനത്തിന്റെ മെയിന്റനൻസിനായി ചെലവഴിച്ച തുക സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തുന്നതായി കാണുന്നില്ല. വാഹനത്തിന്റെ അറ്റകുറ്റപ്പണി, ഇൻഷുറൻസ്, പോളിസി, Engine Specification തുടങ്ങിയ വാഹനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും, രേഖപ്പെടുത്തുന്നതിലേയ്ക്കായി 'History Book of Vehicle' പരിപാലിയ്ക്കേണ്ടതാണ്. (GO(P)No.161/2006/Fin Dated:31.03.2006)

3. വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) AC/9797/14 നമ്പർ ഫയലിൽ 28.07.2017 ലെ കുറിപ്പ് പ്രകാരം 17570/- രൂപയുടെ ബില്ലുകൾ ടി വാഹനത്തിന്റെ ഡ്രൈവറായ ശ്രീ. റ്റി. എ സജിമോൻ ഹാജരാക്കിയതായി കാണുന്നു. എന്നാൽ 17,790/- രൂപ മാറിയിട്ടുള്ളതായി കാണുന്നു. അതായത് 400/- രൂപയുടെ വ്യത്യാസം കാണുന്നു. ടി തുക സംബന്ധിച്ച ബില്ലുകൾ ഫയലിൽ ലഭ്യമല്ല. വിശദീകരണം നൽകേണ്ടതാണ്.

ബി) ഇതേ ഫയലിൽ 20.12.2016 ന് ജൂനിയർ സൂപ്രണ്ട് സമർപ്പിച്ചിട്ടുള്ള കുറിപ്പ് പ്രകാരം 19.10.2016 മുതൽ 24.11.2016 വരെയുള്ള ഡീസൽ ബില്ലുകൾ വിശ്വാസ്യ യോഗ്യമല്ല എന്നും വാഹനത്തിന്റെ ഡ്രൈവറായ ശ്രീ. റ്റി.എ സജിമോൻ 15,849/- രൂപയുടെ ക്രമക്കേട് നടത്തിയതായും ആരോപിക്കുന്നു. പ്രസ്തുത വിഷയത്തിൽ അന്വേഷണത്തിനും തുടർ നടപടിയ്ക്കുമായി എസ്റ്റാബ്ലിഷ്മെന്റ് സെക്ഷന് ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയതു സംബന്ധിച്ച് കൈക്കൊണ്ട തുടർ നടപടികൾ ഫയലിൽ ലഭ്യമല്ല. ആയത് സംബന്ധിച്ച വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സി) ടി വാഹനത്തിന്റെ ഇന്ധന ഉപഭോഗം, അറ്റകുറ്റപ്പണി തുടങ്ങിയവയിൽ ഒട്ടും സുതാര്യത കാണുന്നില്ല. മാസങ്ങളോളം ഡ്രൈവറുടെ കൈയ്യിൽ നിന്നും പണം മുടക്കി ഇന്ധനം നിറയ്ക്കുകയും പിന്നീട് മാറി നൽകി വരുകയും ചെയ്ത് വരുന്നതായി കാണുന്നു. ഉദാഹരണത്തിന് 28.12.2016 ന് ഇന്ധനത്തിനായി ചെലവഴിച്ച തുക ഇനത്തിൽ 30,348/- രൂപ മാറിയിരിക്കുന്നു. 10.08.2016 ന് 20,528/ രൂപ, 17.05.2017 ന് 19,978/- രൂപ തുടങ്ങിയ നിരവധി തവണ ഇപ്രകാരം തുക മാറി നൽകിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ഒരുമിച്ച് തുക മാറുവാനു

ണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. നിലവിൽ ഇടുക്കി ജില്ലയെ Monthly Ceiling-ൽ നിന്ന് ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇപ്രകാരം വാഹനത്തിന്റെ ഡ്രൈവറെ ഇന്ധനം നിറയ്ക്കുന്നതിന് ചുമതലപ്പെടുത്തുകയും പിന്നീട് മാറി നിൽക്കുകയും ചെയ്ത നടപടി സാധൂകരിക്കാവുന്നതല്ല. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

ഡി) വാഹനത്തിന്റെ അറ്റകുറ്റപ്പണി, വാട്ടർ സർവ്വീസ് തുടങ്ങിയവ ഡ്രൈവർ നിർവ്വഹിയ്ക്കുകയും ബില്ല് ഹാജരാക്കി തുക മാറി വരികയും ചെയ്തു വരുന്നതായി കാണുന്നു. എന്നാൽ ഓഫീസ് മേധാവിയുടെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇപ്രകാരം മുൻകൂർ അനുമതി ഇല്ലാതെ ബില്ല് ഹാജരാക്കുന്ന മുറയ്ക്ക് തുക മാറി നൽകി വരുന്ന നടപടി സംശയാസ്പദമായി കാണുന്നു. മേൽ സാഹചര്യത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ നേരിട്ട് അന്വേഷിച്ച് വസ്തുനിഷ്ഠമായ മറുപടി നൽകേണ്ടതാണ്.

ഇ) AC/9797/14-24.10.2017 ഉത്തരവ് പ്രകാരം വാഹനത്തിന്റെ ഇൻഷുറൻസ് അടയ്ക്കുന്നതിലേയ്ക്കായി 9,723/- രൂപ മാറിയിട്ടുള്ളതായി കാണുന്നു. എന്നാൽ 8,240/- രൂപ മാത്രം ഇൻഷുറൻസ് അടയ്ക്കുകയും ബാക്കിയുള്ള 1,463/- രൂപയിൽ 475/- രൂപ മെയ്ന്റനൻസ് ഇനത്തിൽ വാഹനത്തിന്റെ ഡ്രൈവർക്ക് നൽകിയിട്ടുള്ളതായും അവശേഷിക്കുന്ന 1,008/- രൂപ ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിട്ടുള്ളതായും ബോദ്ധ്യപ്പെട്ടു. സ്ഥാപനത്തിന്റെ Demand Notice ലഭ്യമാക്കാതെ മുൻകൂർ തേർച്ച ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

**(എൽ) കണ്ടിജന്റ് രജിസ്റ്റർ**

1. രജിസ്റ്ററിൽ സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന തുക ബന്ധപ്പെട്ട ശീർഷകത്തിൽ Surrender ചെയ്തത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തേണ്ടതാണ് എന്നാൽ രജിസ്റ്റർ പേജ് നമ്പർ 70 റ്റി എ ഇനത്തിൽ ആകെ അനുവദിച്ചിട്ടുള്ള 40,000/- രൂപയിൽ 1,400/- രൂപ ചെലവഴിച്ചതായി കാണുന്നു. അവശേഷിക്കുന്ന 38,600/- രൂപ തിരിച്ചടച്ചത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയതായി കാണുന്നില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

**(എം) പെർമനന്റ് അഡ്വാൻസ് രജിസ്റ്റർ**

1. നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ പരിപാലിച്ചു വരുന്നതായി കാണുന്നില്ല. ഫോം റ്റി.ആർ-96 ലുള്ള രജിസ്റ്റർ ലഭ്യമാക്കി ആയതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തി പരിപാലിയ്ക്കേണ്ടതാണ്.

2. 02.01.2012 ന് ശേഷം ചാർജ് കൈമാറ്റം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തി വരുന്നതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## (എൻ) ഫർണിച്ചർ രജിസ്റ്റർ

1. രജിസ്റ്ററിൽ വാർഷിക ഭൗതിക പരിശോധന നടത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നതായി കാണുന്നില്ല.

2. ബിൽ നമ്പർ, പർച്ചേസ് ഓർഡർ, തീയതി, തുക തുടങ്ങിയ രേഖപ്പെടുത്തലുകൾ നടത്തി വരുന്നതായി കാണുന്നില്ല.

3. പഴയ ഫർണിച്ചറുകൾ ഉപയോഗ ശൂന്യമായി ഓഫീസ് സ്റ്റോർ റൂമിൽ കൂട്ടിയിട്ടിരിക്കുന്നതിനാൽ കൃത്യമായി കണക്കെടുപ്പ് നടത്താൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടി സാഹചര്യത്തിൽ ഓഫീസ് മേധാവി അടിയന്തിരമായി ഭൗതിക പരിശോധന നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## (ഒ) Stock Register of stores

1. വാർഷിക ഭൗതിക പരിശോധന നടത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നതായി കാണുന്നില്ല.

2. 14.03.2015 തീയതിയിൽ Delivery Challan No.806 പ്രകാരം ടി ഓഫീസിൽ Punching Machine വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ടി ഉപകരണം നിലവിൽ ഉപയോഗിക്കുന്നതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

## III. വിവിധ പദ്ധതികൾ

### I. ഭവന നിർമ്മാണ ധനസഹായം

2007-08 മുതൽ അനുവദിച്ച 2329 വീടുകളിൽ പൂർത്തിയാക്കാതെ 2015-16 വരെ അവശേഷിപ്പിച്ചിരുന്ന 1258 വീടുകളും 2016-17 വർഷം അനുവദിച്ച 559 വീടുകളും ചേർത്ത് ആകെ 1817 വീടുകൾ ഉള്ളതിൽ സ്പിൽ ഓവർ വീടുകളിൽ 210 എണ്ണവും 2016-17 വർഷത്തെ 80 വീടുകളും ചേർത്ത് ആകെ 290 എണ്ണം മാത്രമേ 31.03.2017 വരെ പൂർത്തീകരിച്ചിട്ടുള്ളൂ. ബാക്കി 1527 വീടുകൾ പൂർത്തിയാകാതെ അവശേഷിക്കുന്നുണ്ട്.

2017-18 വർഷത്തെ 18.09.2017 വരെയുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് പ്രത്യേകം ഉള്ളടക്കം ചെയ്യുന്നു. 2016-17 വർഷവും, 2017-18 വർഷവും ജില്ലാ പട്ടികജാതി വികസന ആഫീസറുടെ വിവേചനാധികാര പരിധിയിൽ അനുവദിക്കാവുന്നവയുടെ എണ്ണം പ്രത്യേകമായി കാണിച്ചിട്ടില്ല. ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച് ജില്ലാ തലത്തിൽ ലഭ്യമായിട്ടുള്ളത് പുരോഗതി റിപ്പോർട്ടു മാത്രമാണ്. ജില്ലാ തലത്തിൽ ഗുണഭോക്താക്കളുടെ പൂർണ്ണ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പരിപാലിക്കണമെന്ന മുൻ ഓഡിറ്റ് നിർദ്ദേശം പരിപാലിച്ചിട്ടില്ല.

ജില്ലാ തലത്തിൽ ഭവന നിർമ്മാണ ധനസഹായത്തിന്റെ ഗഡുക്കൾ വിതരണം ചെയ്യുന്നതിനായി മൂലമറ്റം എസ്.ബി.ഐ. ബ്രാഞ്ചിൽ തുടങ്ങിയ 67300334184 നമ്പർ അക്കൗണ്ടിൽ 18.09.2017 വരെ ഇടപാടുകൾ നടത്തിയിട്ടുള്ളതിൽ ഈ അക്കൗണ്ടിൽ 29.03.2017 ൽ 9,18,862/- (ഒൻപതു ലക്ഷത്തി പതിനെണ്ണായിരത്തി എണ്ണൂറ്റി അറുപത്തിരണ്ട് രൂപ) രൂപയും 18.09.2017 ൽ അവസാനം നീക്കി ബാക്കിയായി 8,39,685/- (എട്ടു ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി അറുന്നൂറ്റി എൺപത്തിയഞ്ചു രൂപ) രൂപയും ഉണ്ട്. ഇത് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്കു നൽകിയ ഗഡു തുകകൾ സാങ്കേതിക കാരണങ്ങളാൽ അക്കൗണ്ടിൽ ചേരാതെ തിരികെ വന്നിട്ടുള്ളവയും പലിശ ഇനത്തിൽ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ളതാണെന്നും മനസ്സിലാക്കുന്നു. ഗുണഭോക്താക്കൾക്കു ഗഡു തുകകൾ

ലഭ്യമാക്കുവാൻ കഴിയാതെ വന്നതിന്റെ കാരണം വിശദീകരിക്കേണ്ടതും തുക വിതരണം ചെയ്തു വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. പലിശ ഇനത്തിലുള്ള തുക തിരികെ അടച്ചു അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

| വർഷം | ആകെ അനുവദിച്ച വീടുകൾ | 01.04.2017 ൽ പൂർത്തിയാകാത്ത വീടുകളുടെ എണ്ണം | 01.04.2017 ൽ പൂർത്തിയാകാത്ത വീടുകളുടെ സ്റ്റേജ് | | | 31.10.2017 ൽ പൂർത്തിയായ വീടുകളുടെ എണ്ണം | 18.09.2017 ൽ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകളുടെ സ്റ്റേജ് | | |
|---|---|---|---|---|---|---|---|---|---|
| | | | I | II | III | | I | II | III |
| 2007-08 | ലഭ്യമല്ല | 119 | 32 | 44 | 43 | 0 | 32 | 44 | 43 |
| 2008-09 | ലഭ്യമല്ല | 88 | 18 | 33 | 37 | 1 | 18 | 33 | 36 |
| 2009-10 | 279 | 204 | 37 | 62 | 105 | 0 | 37 | 62 | 105 |
| 2010-11 | 400 | 147 | 82 | 23 | 42 | 0 | 82 | 23 | 42 |
| 2011-12 | 202 | 53 | 10 | 15 | 28 | 0 | 10 | 15 | 28 |
| 2012-13 | 253 | 104 | 33 | 22 | 49 | 2 | 33 | 22 | 47 |
| 2013-14 | 296 | 116 | 0 | 70 | 46 | 6 | 0 | 68 | 42 |
| 2014-15 | 251 | 84 | 18 | 34 | 32 | 3 | 17 | 28 | 36 |
| 2015-16 | 289 | 132 | 51 | 27 | 54 | 27 | 45 | 23 | 37 |
| 2016-17 | 559 | 479 | 245 | 145 | 89 | 173 | 80 | 91 | 135 |
| **ആകെ** | **2529** | **1526** | **526** | **475** | **525** | **212** | **354** | **409** | **551** |
| 2017-18 | 335 | 335 | - | - | - | 0 | 64 | 0 | 0 |
| **ആകെ** | **2864** | **1861** | | | | **212** | | | |

**1649 (ആകെ പൂർത്തിയാകുവാനുള്ളത്)**
**(1314 + 335)**

## II. ഭൂരഹിത പുനഃരധിവാസ പദ്ധതി

ഭൂരഹിത പുനഃരധിവാസ പദ്ധതി പ്രകാരം 2016-17, 2017-18 (18.09.2017) വരെയുള്ള ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 2016-17 | 185 | 688.625 ലക്ഷം | പഞ്ചായത്ത് 175<br>മുൻസിപ്പാലിറ്റി 10<br>} 185 |
| 2015-16 ലെ പ്രീ ഓതറൈസേഷൻ | 9 | 33.75 ലക്ഷം | 2015-16 ലെ പ്രീ ഓതറൈസേഷൻ 9 |
| **2016-17 ആകെ ചെലവ് 722.375 ലക്ഷം** | | | |
| 2017-18<br>18.09.2017 വരെ | 88 | 49508000 | **ഭൗതിക ലക്ഷം**<br>പഞ്ചായത്ത് 200<br>മുൻസിപ്പാലിറ്റി 20<br>**ആകെ 220**<br>**നേട്ടം**<br>പഞ്ചായത്ത് 79<br>മുൻസിപ്പാലിറ്റി 9<br>**88** |

ബ്ലോക്ക് പട്ടികജാതി വികസന ആഫീസ് വഴി നടപ്പാക്കുന്ന പദ്ധതി ആയതുകൊണ്ട് ജില്ലാതലത്തിൽ പൂർണ്ണ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പരിപാലിക്കേണ്ടതും സാമ്പത്തികവർഷം തിരിച്ച് ലിസ്റ്റ് ബ്ലോക്ക് ആഫീസുകളിൽ നിന്നും ലഭ്യമാക്കി സാധൂകരണ ഉത്തരവു നൽകേണ്ടതും; അക്കൗണ്ടന്റ് ജനറലിനു വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## III. ഭവന പുനഃരുദ്ധാരണ പദ്ധതി

പദ്ധതിയുടെ 2016 വർഷത്തെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഭൗതിക ലക്ഷ്യം | ഒന്നാം ഗഡു | രണ്ടാം ഗഡു | ബാക്കി |
|---|---|---|---|---|
| 2016-17 | 335 | 335 | 202 | 133 |

2017-18 വർഷം പദ്ധതി പ്രഖ്യാപിച്ചിട്ടില്ല. 2016-17 വർഷത്തെ 133 എണ്ണം പൂർത്തീകരിക്കുവാനുണ്ട്. ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കുവാൻ കഴിയാത്തതാണെന്നു കാരണമെന്നു മനസ്സിലാക്കുന്നു. പ്രശ്നം പരിഹരിച്ച് ഗുണഭോക്താക്കൾക്കു തുക ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ചു വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു മറുപടി ലഭ്യമാക്കേണ്ടതാണ്.

## IV. വിവാഹ ധനസഹായം

2016-17 വർഷത്തേയും 2017-18 വർഷത്തെ 18.09.2017 വരെയുള്ള കാലയളവിലേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 2016-17 | 354 | 1,77,00,000 |
| 2017-18 (18.09.2017 വരെ) | 560 | 2,12,50,000 |

ഗുണഭോക്താക്കളുടെ വിവരങ്ങൾ ജില്ലാതലത്തിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## V. മിശ്ര വിവാഹ ധനസഹായ പദ്ധതി

പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 2016-17 | 64 | 32,00,000 |
| 2017-18 (18.09.2017 വരെ) | 76 | 39,50,000 |

തുക വിനിയോഗം ഉറപ്പാക്കി വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനു സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

VI. <u>ചികിത്സാ ധനസഹായം</u>

2016-17 വർഷം മുതൽ മുന്നിരുപ്പു പ്രകാരം 9,052/- രൂപയും അലോട്ട്മെന്റ് പ്രകാരം 2,52,00,000/- രൂപയും ഉൾപ്പെടെ ആകെ 2,52,09,052/- പദ്ധതിയ്ക്കു ലഭ്യമായിരുന്നു. അതിൽ 816 ഗുണഭോക്താക്കൾക്കായി 1,38,78,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുണ്ടായിരുന്ന തുകയിലെ 1,13,31,000/- രൂപ സറണ്ടർ ചെയ്തു. ബാക്കി 52/- രൂപ മാത്രം അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

2017-18 വർഷം 31.10.2017 വരെ അലോട്ട്മെന്റ് പ്രകാരം ലഭിച്ച 50,00,000/- രൂപയും നീക്കി ബാക്കി ഉണ്ടായിരുന്ന 52 രൂപയും ഉൾപ്പെടെ ആകെ 50,00,052/- രൂപ ലഭ്യമായതിൽ 252 ഗുണഭോക്താക്കൾക്കായി 42,58,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 7,41,552/- രൂപ നീക്കി ബാക്കിയുണ്ട്.

2016-17 1,13,31,000/- രൂപ സറണ്ടർ ചെയ്യുന്നതിനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ചികിത്സാ ധനസഹായം അനുവദിക്കാനുള്ള പുതിയ സംവിധാനം നിലവിൽ വന്നതിനാൽ അക്കൗണ്ടിൽ അവസാനിക്കുന്ന 52/- രൂപ തിരിച്ചടച്ചു അക്കൗണ്ട് അവസാനിപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

VII. <u>ദുർബല വിഭാഗങ്ങളുടെ പുനഃരധിവാസ പദ്ധതി</u>

2016-17 വർഷം സ്പിൽ ഓവർ പദ്ധതികൾക്കും പുതിയ പദ്ധതികൾക്കുമായി ആകെ 24065000/- രൂപ അനുവദിച്ചതിൽ 20212500/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

2017-18 വർഷം 167.5 ലക്ഷം രൂപ ഇതുവരെ അനുവദിച്ചതിൽ 31.10.2017 വരെ 5390000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്ക് അനുവദിക്കുന്ന തുക സമയബന്ധിതമായി ചെലവഴിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി 2016-17

| ഭവനം സ്പിൽ ഓവർ | | | | | ഭൂമി | | 2016-17 പുതിയ പദ്ധതികൾ | | | | | | | | | ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ഭവനം | | | | ചെലവ് | ഭൂമി | | സംരക്ഷണ ഭിത്തി നിർമ്മാണം | | |
| I | II | III | IV | തുക | | | I | II | III | IV | | എണ്ണം | തുക | എണ്ണം | തുക | |
| 13 | 13 | 21 | 33 | 8702500 | 4 (പ്രീ ഓതറൈസേഷൻ) | 10,00,000 | 31 | 08 | - | 6 | 4987500 | 14 | 5172500 | - | 350000 | 20212500 |

## 2017-18 (18.09.2017 വരെ)

| ഭവനം സ്പിൽ ഓവർ ഭൗതിക ലക്ഷ്യം - 84 | | | | | ഭവനം 2017-18 ഭൗതിക ലക്ഷ്യം - 30 | | | | | ഭവന പുനരുദ്ധാരണം ഭൗതിക ലക്ഷ്യം - 25 | | അനുവദിച്ച തുക | ചെലവ് | ബാക്കി തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| I | II | III | IV | തുക | I | II | III | IV | തുക | I | II | | | |
| 30 | 20 | 19 | 15 | 4567500 | 7 | 1 | 1 | - | 822500 | - | - | 167.5 (ലക്ഷം) | 5390000 | 113.6 ലക്ഷം |

SJ. 16.01.2018

## VII. ടോയ്ലറ്റ് പദ്ധതി

2012 - 13 മുതൽ 2015 - 16 വരെ നടപ്പാക്കിയ ടോയ്ലറ്റ് പദ്ധതിയിൽ സ്പിൽ ഓവർ ആയി ആകെ 544 എണ്ണം 2016 - 17 വർഷം ഉണ്ടായിരുന്നതിൽ 359 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. സ്പിൽ ഓവർ ആയി 185 എണ്ണം അവശേഷിക്കുന്നു. 2016 - 17 വർഷം സ്പിൽ ഓവർ ഇനത്തിൽ 44,87,500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**നിലവിലുള്ള സ്പിൽ ഓവർ വിവരം ചുവടെ ചേർക്കുന്നു.**

| വർഷം | എണ്ണം |
|---|---|
| 2012 - 13 | 47 |
| 2013 - 14 | 15 |
| 2014 - 15 | NIL |
| 2015 - 16 | 123 |
| **ആകെ** | **185** |

സ്പിൽ ഓവർ ടോയ്ലറ്റുകൾ പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## X. സ്വയം തൊഴിൽ പദ്ധതി

സ്വയം തൊഴിൽ പദ്ധതികൾക്കു സബ്സിഡി തുക അനുവദിക്കുന്ന പദ്ധതി പ്രകാരം 2016 - 17, 2017 - 18 (18.09.2017 വരെ) അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത സബ്സിഡി തുക |
|---|---|---|
| 2016 - 17 | 14 | 1032739 |
| 2017 - 18 (18.09.2017) | 4 | 323333 |

പദ്ധതി സംബന്ധിച്ച വിവരങ്ങളെല്ലാം ചേർത്തു രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. ആനുകൂല്യം അനുവദിക്കുന്നവരുടെ ഒരു പൂർണ്ണ അപേക്ഷ ജില്ലാ തലത്തിൽ സൂക്ഷിക്കേണ്ടതാണ്. പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു. വ്യാപക പ്രചാരം നടത്തി പദ്ധതി കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## X. അഡ്വക്കേറ്റ്സ് ഗ്രാന്റ്

ഒരു അപേക്ഷകനു 2016 - 17 വർഷം 8,250/- അനുവദിച്ചു. തുടർന്നുള്ള ധനസഹായത്തിനുള്ള നടപടികൾ പുരോഗതിയിലാണ്.

2017 - 18 വർഷം 18.09.2017 വരെ അപേക്ഷകൾ ലഭിച്ചിട്ടില്ല.

## XI. ശ്രീ. അയ്യൻകാളി ടാലന്റ് സേർച്ച് സ്കോളർഷിപ്പ്

2016 – 17, 2017 – 18 വർഷങ്ങളിലെ ചെലവു വിവരം

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2016 – 17 | 117 | 526500 |
| 2017 – 18 (18.09.2017) | 127 | 571500 |

മുൻ വർഷം ആനുകൂല്യം അനുവദിച്ച വിദ്യാർത്ഥികൾക്ക് അടുത്ത വർഷം പുതുക്കി നൽകുന്നതിൽ വലിയ വ്യത്യാസം കാണുന്നു. 2016 – 17 വർഷം പുതുക്കി നൽകുന്നതിനു ഭൗതിക ലക്ഷ്യം 150 ആയി നിശ്ചയിച്ചിരുന്നതിൽ 41 പേർക്കു മാത്രമാണ് ടി ഇനത്തിൽ ആനുകൂല്യം നൽകിയിട്ടുള്ളത്. 2017 – 18 വർഷം 117 പേർക്കു പുതുക്കി നൽകുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ചിട്ടുള്ളതിൽ നിലവിൽ 67 പേർക്കു മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇതു പദ്ധതിയുടെ ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്യുന്നതാണ്. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരുടേയും പ്രൊമോട്ടർമാരുടെയും സേവനം ഉപയോഗിച്ചു പദ്ധതി പ്രവർത്തനം കാര്യക്ഷമമായി പൂർത്തീകരിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## XII. ശ്രീ. അയ്യൻകാളി സ്കോളർഷിപ്പു സെമിനാറുകൾ

ഉത്തരവു നമ്പർ ഡെവ.സി2 – 12532/16 തീയതി: 25.08.2016 പ്രകാരം 17000/- രൂപ അനുവദിച്ചത് പൂർണ്ണമായും ചെലവഴിച്ച് 13.01.2017 – ൽ ക്രമീകരിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചു നടപടി പൂർത്തിയാക്കേണ്ടതാണ്.

2017 – 18 വർഷം സെമിനാറിനായി 15,000/- രൂപ 22.06.2017 – ലെ ഡെവ. സി2 – 12176/17 പ്രകാരം അനുവദിച്ചു. സെമിനാർ നടത്തിപ്പിനായി 19,475/- രൂപ ചെലവഴിച്ചതായി കാണുന്നു. ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭിച്ച വിശദീകരണം ഇടുക്കിയെ പോലുള്ള താരതമ്യേന യാത്രാക്കൂലി ചെലവു കൂടിയ ജില്ലയിൽ കൂടുതൽ തുക യാത്രപ്പടി ഇനത്തിലും മറ്റും ചെലവു വരുന്നു. അതുകൊണ്ട് സെമിനാർ നടത്തിപ്പിനായി കൂടുതൽ തുക അനുവദിക്കേണ്ടതു സംബന്ധിച്ച അഭിപ്രായം അറിയിക്കേണ്ടതാണ്.

മുൻകൂർ അനുവാദമില്ലാതെ കൂടുതൽ തുക ചെലവഴിച്ചത വിശദീകരിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചിട്ടുള്ളതായും കാണുന്നു.

## XIII. ബുക്ക് ബാങ്ക് പദ്ധതി

| വർഷം | ആനുകൂല്യം ലഭിച്ച കുട്ടികളുടെ എണ്ണം | ആകെ ചെലവഴിച്ച തുക |
|---|---|---|
| 2015 – 16 | 6 സ്ഥാപനങ്ങൾ 114 വിദ്യാർത്ഥികൾ | **219600** |
| 2016 – 17 (18.09.2017 വരെ) | 6 സ്ഥാപനങ്ങളിലെ 129 വിദ്യാർത്ഥികൾക്ക് 64 സെറ്റ് ബുക്കും, 6 അലമാരയും വാങ്ങുന്നതിനു | 254100 |

പദ്ധതിയെ സംബന്ധിച്ചു രജിസ്റ്റർ പരിപാലിക്കണം. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണു.

## XV. ലാപ്ടോപ്പ് വിതരണം

| വർഷം | എണ്ണം | തുക |
|---|---|---|
| 2016-17 | 120 | 3000000 |
| 2017-18 (18.09.2017) | 75 | 1875000 |

അക്വിറ്റൻസ് ലഭ്യമാക്കി വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതും 2017-18 വർഷത്തെ ഭൗതിക ലക്ഷ്യം (166) പൂർത്തീകരിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## XV. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

2016-17 വർഷം സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ജില്ലാതല പരിപാടികൾക്കായി 50,000/- രൂപ അനുവദിച്ചു. 2016 ഒക്ടോബർ 15-നു മൂന്നാറിൽ വച്ചു നടന്നു. മുൻകൂറായി 50,000/- രൂപ ക്രമീകരിക്കുകയും വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2017-18 വർഷത്തിലെ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല സമാപന പരിപാടി ജില്ലയിലെ തൊടുപുഴയിൽ 14/10/17-ൽ നടത്തി. പരിപാടിയുടെ നടത്തിപ്പിനായി മാറിയ 3,00,000/- രൂപയിൽ ചെലവഴിച്ച 1,98,781/- രൂപയിൽ ബാക്കിയുണ്ടായിരുന്ന 1,01,219/- രൂപ ഇടുക്കി ജില്ലാ ട്രഷറിയിലെ 09/11/17-ലെ KL007681030-2017 നമ്പർ ചലാൻ പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മുൻകൂർ മാറിയ തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണെന്നു കാണുന്നു.

പരിപാടി ചെലവുകളുടെ രസീതുകളിൽ ഭക്ഷണ ചെലവുകൾക്കായി തെക്കേടത്തു കാറ്ററിംഗ് മൂലമറ്റത്തിനു നൽകിയ 73,250/- രൂപയുടെ കൈപ്പറ്റു രസീതിൽ സ്ഥാപനത്തിന്റെ ചുമതലക്കാരാരും തന്നെ ഒപ്പു വച്ചിട്ടില്ല. ജില്ലാ ആഫീസർ രസീതു സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ന്യൂനത പരിഹരിക്കേണ്ടതാണ്.

മുൻകൂർ മാറിയ തുക ക്രമീകരിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റു അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## XVI. പഴയ വാഹനം സംബന്ധിച്ച KLT9746

ജില്ലാ ആഫീസിലെ ആവശ്യത്തിനായി ഉപയോഗിച്ചിരുന്ന KLT9746-ാം നമ്പർ ജീപ്പ് കാലപ്പഴക്കം മൂലം എസ്റ്റാ.സി2-29603/09 തീയതി: 04.02.2014 പ്രകാരം കണ്ടം ചെയ്തു കൊണ്ടും 1,00,000/- രൂപ വില നിശ്ചയിച്ചു ലേലം ചെയ്യുന്നതിനു ജില്ലാ പട്ടികജാതി വികസന ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. 12.08.2014-ൽ നടത്തിയ ലേലത്തിൽ വാഹനം വിറ്റു പോയില്ല. തുടർന്നു ഡയറക്ടറുടെ എസ്റ്റാ.സി.2-29603/13 തീയതി: 23.10.2014 ഉത്തരവു പ്രകാരം ഇടപ്പള്ളി ഐ.റ്റി.സി. യിലേക്കു പഠനാവശ്യത്തിനു വാഹനം അനുവദിച്ച് നൽകിയെങ്കിലും ഐ.റ്റി.സി. അധികാരികൾ വാഹനം ഏറ്റെടുക്കാതെ ആവശ്യമില്ലെന്നു അറിയിക്കുകയുണ്ടായി. നിലവിൽ വാഹനം പാർക്കു ചെയ്തിട്ടുള്ളത് അറക്കുളം ഗ്രാമപഞ്ചായത്തു കോമ്പൗണ്ടിലാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കു സ്ഥലം ആവശ്യമുള്ളതിനാൽ വാഹനം മാറ്റികൊടുക്കണമെന്നു ഗ്രാമപഞ്ചായത്ത് അധികാരികൾ നിർദ്ദേശിച്ചിട്ടുള്ളതായി അറിയുന്നു. ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് വാഹനം ഡിസ്പോസ് ചെയ്യുന്നതിനു കാലതാമസം കൂടാതെ നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിൽ KL01BR8595 എന്ന ബോലോറ വണ്ടി ഉപയോഗിച്ചു വരുന്നു.

XVII. സ്റ്റെതസ്കോപ്പ് വിതരണം

| വർഷം | എണ്ണം | തുക |
|---|---|---|
| 2016-17 | 7 | 40600 |
| 2017-18 (18.09.2017) | 10 | 58000 |

വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്. മറ്റു പരാമർശമില്ല.

XVIII. ഏകദിന ശില്പശാല

പട്ടികജാതി വിദ്യാർത്ഥികൾക്കു ബി.എസ്.സി ഹോസ്പിറ്റാലിറ്റി & ഹോട്ടൽ മാനേജ്മെന്റ് കോഴ്സിനു പ്രവേശനം ലഭിക്കുന്നതിനുള്ള പ്രവേശന പരീക്ഷ പരിശീലനം നടത്തുന്നതിനു എഡ്യൂ.സി1-31735/16 തീയതി 17.12.2016 പ്രകാരം 15,000/- രൂപ അനുവദിച്ചു സെമിനാർ ശി. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുത്തിട്ടുണ്ട്. 2017-18 വർഷം ഇതേ ആവശ്യത്തിനായി 7,000/- രൂപ അനുവദിച്ചിട്ടുണ്ട്. പരിപാടി നടത്തിപ്പു വിവരങ്ങൾ റിപ്പോർട്ടു ചെയ്യേണ്ടതാണ്.

XIX. അതിക്രമം തടയൽ നിയമം

അതിക്രമം തടയൽ നിയമപ്രകാരം എട്ട് ഗുണഭോക്താക്കൾക്ക് ആശ്വാസ ധനസഹായമായി 4,50,000/- രൂപയും ബോധവത്ക്കരണ സെമിനാറിനായി 50,000/- രൂപയും ഉൾപ്പെടെ 5,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷം 18.09.2017 വരെ 14,55,000/- രൂപയും 31 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ ബ്ലോക്ക് പട്ടികജാതി വികസന ആഫീസർമാർ മുഖേനയാണ് പദ്ധതി പ്രകാരമുള്ള ആശ്വാസ ധനസഹായം ചെയ്തു വരുന്നത്. വിതരണ വിവരം ലഭ്യമാക്കി വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

XX. ലംപ്സംഗ്രാന്റ് വിതരണം

| വർഷം | എണ്ണം | തുക |
|---|---|---|
| 2016-17 | 13801 | 6873400 |
| 2017-18 (18.09.2017) | 12810 | 7966160 |

2016-17 വർഷത്തേയും 2017-18 വർഷത്തേയും ലംപ്സംഗ്രാന്റ് വിതരണ തുകയോടൊപ്പം പ്രതിമാസ സ്റ്റൈപ്പന്റിനത്തിൽ വിതരണം ചെയ്ത തുകയും കുട്ടികളുടെയും, തുകയുടെയും വിവരങ്ങൾ പ്രത്യേകമായി കാണിച്ചിട്ടില്ല. ഈ കാര്യം വിശദീകരിക്കേണ്ടതും സ്റ്റൈപന്റ് വിതരണം സംബന്ധിച്ച കണക്കുകൾ പ്രത്യേകം സമർപ്പിക്കേണ്ടതുമാണ്.

## XXI. പ്രീ മെട്രിക് എയ്ഡ് (1-4 ക്ലാസുകാർക്ക്)

2016-17 വർഷം (I-IV വരെ) ക്ലാസുകളിലുള്ള 4706 വിദ്യാർത്ഥികൾക്കു 94,12,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ആകെ വിദ്യാർത്ഥികളുടെ എണ്ണമല്ലാതെ വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള എണ്ണം ലഭ്യമല്ല.

2017-18 വർഷം 9,80,000/- രൂപ ചെലവഴിച്ചതായി കാണുന്നു. പുരോഗതി റിപ്പോർട്ടിൽ ചേർത്തിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണമായ 299 എന്നതുമായി ഇതു പൊരുത്തപ്പെടുന്നില്ല.

ബ്ലോക്ക് ആഫീസർമാരിൽ നിന്നും വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള എണ്ണം സഹിതം പുരോഗതി റിപ്പോർട്ടും വിതരണ വിവരവും ലഭ്യമാക്കി വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XXII. പ്രീ മെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് പഠന വിനോദ യാത്രക്കുള്ള ധനസഹായം (2016-17)

എഡ്യൂ.സി3-4457/13, തീയതി 30.03.2017 പ്രകാരം 18 വിദ്യാർത്ഥികൾക്കു ആനുകൂല്യം നൽകുന്നതിന് ചുവടെ ചേർക്കുംപ്രകാരം 27,000/- രൂപ അനുവദിച്ചു.

| | | | |
|---|---|---|---|
| പ്രീ മെട്രിക് ഹോസ്റ്റൽ ഇളംദേശം | 1 | - | 1500 |
| പ്രീ മെട്രിക് ഹോസ്റ്റൽ ദേവികുളം | 10 | - | 15,000 |
| പ്രീ മെട്രിക് ഹോസ്റ്റൽ പീരുമേട് | 7 | - | 10500 |
| | 18 | | 27,000 |

നിലവിൽ ടി തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാരിൽ നിന്നും വിനിയോഗ വിവരം ലഭ്യമാക്കി വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

XXIII. **മെട്രോ യാത്ര (2017-18)**

ഉത്തരവു നമ്പർ എഡ്യൂ.സി3-30725/15, തീയതി. 17.07.2017 ജില്ലയ്ക്ക് 1,16,900/- രൂപ ചുവടെ ചേർക്കുംപ്രകാരം അനുവദിച്ചു.

(1) കൂവപ്പള്ളി ഹോസ്റ്റൽ - 16,600

(2) കരിമണ്ണൂർ ഹോസ്റ്റൽ - 18,300

(3) കട്ടപ്പന - 23,000

(4) മൂന്നാർ - 42,000

(5) പീരുമേട് - 17,000

------------

ആകെ 1,16,900

============

ടി തുകകൾ മാറുന്നതിനു ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാർക്കു അനുവാദവും നൽകിയിരുന്നു. യാത്രയുടെ റിപ്പോർട്ട്, മുൻ മാറിയ തുക ക്രമീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട് വൗച്ചറുകളുടെ പകർപ്പു സഹിതം വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

മേൽ നിർദ്ദേശങ്ങൾ പൂർത്തീകരിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

XXIV. **ഇ-ഗ്രാന്റ്സ്**

2016-17, 2017-18 18.09.2017 വരെയുള്ള കാലയളവിലേയും പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം വിതരണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2016-17 | | |
|---|---|---|
| വിഭാഗം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
| എസ്.സി | 4,472 | 892.08 |
| ഒ.ഇ.സി | 3,507 | 647.38 |
| ഒ.ബി.സി | 4,168 | 112.37 |
| കെ.പി.സി.ആർ | 1,990 | 58.28 |
| എസ്.ഇ.ബി.സി | 1,800 | 146.19 |
| എഫ്.സി | 840 | 55.58 |

| 2017-18 | (18.09.2017) | |
|---|---|---|
| എസ്.സി | 2,045 | 226.49 |
| ഒ.ഇ.സി | 1,402 | 168.26 |
| ഒ.ബി.സി | 632 | 20 |
| കെ.പി.സി.ആർ | 885 | 25.84 |
| എസ്.ഇ.ബി.സി | 460 | 26.03 |
| എഫ്.സി | 287 | 16.12 |

പരാമർശങ്ങൾ ഇല്ല

XXV. **സ്വയം സഹായ സംഘങ്ങൾക്കുള്ള സബ്സിഡി 2016-17**

ടി പദ്ധതി പ്രകാരം ജില്ലയ്ക്ക് 20 ലക്ഷം രൂപ 2016-17 വർഷം അനുവദിച്ചതിൽ 22.03.2017 ലെ പി.എം. 3856/16, പ്രകാരം ജനനി കുടുംബശ്രീ യൂണിറ്റ്, എഴുമുട്ടം. പി.ഒ. എഴുമുട്ടം എന്ന യൂണിറ്റിനു തയ്യൽ യൂണിറ്റ് & ഗാർമെന്റ്സ്, ആടുവളർത്തൽ എന്നീ പദ്ധതികൾക്കായി 5,00,000/- രൂപ സബ്സിഡി ഇനത്തിൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടില്ല. തുടർ വിവരങ്ങൾ ലഭ്യമല്ല. വിവരങ്ങൾ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. 15 ലക്ഷം രൂപ സറണ്ടർ ചെയ്തതായും കാണുന്നു.

XXVI. **കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തികൾ**

2016-17 വർഷം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തുന്നതിനായി 31 നിർമ്മാണ പ്രവർത്തികളും വിജ്ഞാൻവാടികളുടെ തുടർ പ്രവർത്തനത്തിനു 50,000/- രൂപയും പദ്ധതി അവലോകന ചെലവുകൾക്കായി 1,00,000/- രൂപയും വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവൃത്തികളുടെ വിഭാഗം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റോഡ് കോൺക്രീറ്റിംഗ് - 18

സംരക്ഷണ ഭിത്തി നിർമ്മാണം - 5

കുടിവെള്ളം - 3

ഓട നിർമ്മാണം - 3

വൈദ്യുതീകരണം - 1

കമ്മ്യൂണിറ്റിഹാൾ നവീകരണം - 1

-----

ആകെ അനുവദിച്ച തുക 3,47,20,000/-

ചെലവഴിച്ച തുക 1,16,80,911/- രൂപ

(വിജ്ഞാൻവാടി ഇനത്തിൽ ചെലവഴിച്ച 50,000/- രൂപയും അവലോകന ചെലവിനത്തിൽ ഉൾപ്പെടെയുള്ള 23741/- രൂപയും ഉൾപ്പെടെ)

നിലവിൽ 21 നിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ തുക വിതരണം വിവിധ ഘട്ടങ്ങളിലാണ്. ഒൻപത് പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികളുടെ തുക വിതരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും മറ്റു പദ്ധതികളുടെയും നിർമ്മാണം പൂർത്തീകരിച്ചു തുക വിതരണം ചെയ്തു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

2017-18 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതുമാണ്.

2015-16 വർഷത്തെ കോർപ്പസ് ഫണ്ട് പ്രകാരം ഏറ്റെടുക്കുന്ന പദ്ധതികളുടെ അവലോകന ചെലവുകൾക്കായി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 31.03.2016 ലെ പി.എം. 2908/15 നമ്പർ ഉത്തരവു പ്രകാരം 30,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്നു. ടി ബിൽ പ്രകാരം സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ സൂക്ഷിച്ചിട്ടുള്ള 8,689/- രൂപയുടെ വൗച്ചർ ആധികാരിക മാണെന്നു കരുതുവാനാവില്ല. വൗച്ചറിൽ സ്റ്റേഷനറി സാധനങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങളോ വിലയോ ചേർത്തിട്ടില്ല. വാങ്ങിയ സാധനങ്ങൾക്കു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചു വിതരണം നടത്തിയതായും കാണുന്നില്ല. വിശദീകരിക്കേണ്ട താണ്. 2016-17 വർഷം കോർപ്പസ് ഫണ്ട് പ്രകാരമുള്ള പദ്ധതികളുടെ ആസൂത്രണ ത്തിന്റെയും അവലോകന പ്രവർത്തനങ്ങളുടെയും ചെലവുകൾക്കായി 1,00,000/- രൂപ വകയിരുത്തിയതായും 23,741/- രൂപ ചെലവഴിച്ചതായും പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് പരിശോധിച്ചതിൽ കാണുന്നു. ചെലവു ഇനങ്ങളുടെ വൗച്ചറുകളോ, രജിസ്റ്ററുകളോ ഒന്നും തന്നെ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. മേൽ രേഖകൾ കണ്ടെടുത്തു പകർപ്പു സഹിതം വിശദീകരണം നൽകേണ്ടതാണ്.

## XXVII വിജ്ഞാൻ വാടി

ജില്ല ആകെയുള്ള 13 വിജ്ഞാൻവാടികളിൽ 5 എണ്ണം പ്രവർത്തിച്ചുവരുന്നു. KPHCC നിർമ്മിച്ചു നൽകിയ 8 വിജ്ഞാൻവാടികളിൽ ഒരു എണ്ണം നിലവിൽ ഉദ്ഘാടനത്തിനു സജ്ജമായിട്ടുണ്ട്. ബാക്കി 5 എണ്ണം വൈദ്യുതികണക്ഷനും മറ്റു അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകാത്തതുകൊണ്ടാണ് പ്രവർത്തിക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനു പ്രധാനമായും സ്ഥലം ലഭ്യമാക്കിയിട്ടുള്ളത് ഗ്രാമപഞ്ചായത്തുകളാണ്. ഗ്രാമപഞ്ചായത്ത് അധികാരികളുമായി ബന്ധപ്പെട്ട് ഈക്കാര്യ ത്തിലുള്ള തടസ്സം നീക്കി വൈദ്യുതിബന്ധം ലഭ്യമാക്കി വിജ്ഞാൻവാടികൾ പ്രവർത്തനം ആരംഭിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## XXVIII സ്വയം പര്യാപ്ത ഗ്രാമപദ്ധതി 2012-13 & 2013-14

ജില്ലയിൽ 2012-13 വർഷം സ്വയംപര്യാപ്ത ഗ്രാമപദ്ധതി പ്രകാരം രണ്ടു പട്ടികജാതി കോളനികളും ഗാന്ധിഗ്രാം പദ്ധതി പ്രകാരം ഒരു പട്ടികജാതി കോളനിയും ഏറ്റെടുത്തിരുന്നു.

2013-14 വർഷം ആറു പട്ടികജാതി കോളനികളും സ്വയം പര്യാപ്തഗ്രാമപദ്ധതി ഏറ്റെടുത്തിരുന്നു. ഈ ഒൻപതു സങ്കേതങ്ങളിലും നിർമ്മാണ പ്രവർത്തർത്തനങ്ങൾ ഘട്ടത്തിലാണ് വിജിലൻസ് കേസുകൾ കാരണം നിർമ്മാണ പ്രവർത്തനങ്ങൾ 18/09/2017-നകം എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ബഹുമാനപ്പെട്ട സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്പോൾ 24/10/2017-ൽ എ.ഡി.എം.-ന്റെയും വിജിലൻസ് അധികാരികളുടെയും പങ്കെടുപ്പിച്ചു നടത്തിയ യോഗത്തിൽ നിബന്ധനകൾ പണികൾ പുനഃരാരംഭിക്കുന്നതിനു തീരുമാനം ഉണ്ടായതായി മനസ്സിലാക്കുന്നു.

ഈക്കാര്യത്തിൽ വകുപ്പുതലത്തിൽ തീരുമാന മുണ്ടാകേണ്ടതാണെന്നു അഭിപ്രായപ്പെടുന്നു.

## XXIX അംബേദ്കർ ഗ്രാമവികസന പരിപാടി 2016-17

ജില്ലായിൽ നിലവിൽ ആറുപട്ടികജാതി കോളനികളിലാണ് അംബേദ്കർ ഗ്രാമവികസന പരിപാടിയുടെ പ്രാഥമിക നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത് ഇതിൽ പീരുമേട് നിയോജകമണ്ഡലത്തിലെ മുങ്കിലാർ പട്ടികജാതി കോളനി, ലാഡ്രംപത്മാപുരം (രണ്ടും അഴുതബ്ലോക്ക്) എന്നീ കോളനികളിൽ പ്രവർത്തികളുടെ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. പുതകിൽ പട്ടികജാതി കോളനി, അംബേദ്കർ പട്ടികജാതി കോളനി (ഉടുമ്പൻ ചോല) ഉറുമ്പണ്, ഗാന്ധിനഗർ പട്ടികജാതി കോളനി (ഇടുക്കി) എന്നിവയുടെ തുടർനടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ടു നൽകേണ്ടതും മറ്റു നിയോജക മണ്ഡലങ്ങളിലെ നടപടികളും കഴിവതും വേഗം പൂർത്തീകരിക്കേണ്ടതാണ്.

## XXX പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യം

2016-17 വർഷം പാരലൽ കോളേജ് വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതി പ്രകാരം 210 വിദ്യാർത്ഥികൾക്കായി 17,07,002/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 2016-17 വർഷം മറ്റർഹ വിഭാഗ വിദ്യാർത്ഥികൾക്കു അലോട്ട്മെന്റ് ഇല്ലാത്തതു കൊണ്ട് തുക അനുവദിച്ചിട്ടില്ല. മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ 400 അപേക്ഷകൾ നിലവിൽ പെന്റിംഗ് ഉണ്ട്. 2017-18 വർഷം മേൽ പദ്ധതിപ്രകാരം നിലവിൽ ആനുകൂല്യം അനുവദിച്ചിട്ടില്ല.

## XXXI ഇനീഷ്യൽ ഗ്രാന്റ്

2016-17 വർഷം 39 വിദ്യാർത്ഥികൾക്കു 2,05,000/- രൂപ വിതരണംചെയ്തു. 2017-18 വർഷം 36 വിദ്യാർത്ഥികൾക്കു 2,05,000/- രൂപ വിതരണം ചെയ്തു. വിനിയോഗ സർട്ടിഫിക്കറ്റു അക്കൗണ്ടന്റ് ജനറലിനു നൽകി റിപ്പോർട്ടു ചെയ്യേണ്ടതാണ്. മറ്റു പരാമർശങ്ങൾ ഇല്ല.

## XXXII വിഷൻ എൻട്രൻസ്

2016-17 വർഷം 11 വിദ്യാർത്ഥികൾക്കായി 11,00,000/- രൂപയും 2017-18 വർഷം 6 വിദ്യാർത്ഥികൾക്ക് (5 റിന്യൂവൽ 1 ഫ്രഷ്) 60,000/- രൂപ ചെലവഴിച്ചു. വിനിയോഗ സർട്ടിഫിക്കറ്റു അക്കൗണ്ടന്റ് ജനറൽ നൽകി റിപ്പോർട്ടു ചെയ്യേണ്ടതാണ്. മറ്റു പരാമർശങ്ങൾ ഇല്ല.

## XXXIII ഗവ. ഓഫ് ഇൻഡ്യാ സ്കോളർഷിപ്പ്

2016-17 വർഷ് 150 വിദ്യാർത്ഥികൾക്കു 39,83,628/- രൂപയും 2017-18 വർഷം ഇതുവരെ 48 വിദ്യാർത്ഥികൾക്കു 14,40,725/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. മറ്റുപരാമർശങ്ങൾ ഇല്ല.

## XXXIV ഗവ. ഓഫ് കേരള സ്കോളർഷിപ്പ്

2017-18 വർഷം ഒരു വിദ്യാർത്ഥിക്കു 1,37,500/- രൂപ വിതരണം ചെയ്തിട്ടുണ്ട് വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## XXXV ഡെസ് പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

പരിശോധന കാലയളവിൽ നീക്കി ബാക്കിയുള്ള തപാൽ സ്റ്റാമ്പുകളുടെ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| *തീയതി* | *നീക്കിബാക്കി തുക* |
|---|---|
| *31/03/2017* | *1,715/-* |
| *14/11/2017* | *2,501/-* |

നിശ്ചിത രജിസ്റ്ററിൽ പരിപാലിച്ചുവരുന്നു. ദ്വൈവാര സാക്ഷ്യപ്പെടുത്തലുകൾ കൃത്യമായി നടത്തുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്. മറ്റു ന്യൂനതകൾ ഇല്ല.

## XXXVI പേ ബിൽ രജിസ്റ്റർ

05/2017 മുതൽ പരിപാലിക്കുന്നില്ല.

## XXXVII സർവ്വീസ് ബുക്കുകളുടെ രജിസ്റ്റർ

നിലവിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. പരിപാലിച്ചു വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XXXVIII സർവ്വീസ് ബുക്കുകൾ

സർവ്വീസ് ബുക്കുകളുടെ പരിശോധനയിൽ ബുക്കുകളിൽ 2015 മുതലുള്ള പ്രതിവർഷ വേരിഫിക്കേഷൻ റിപ്പോർട്ടുകൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഭൂരിഭാഗം ബുക്കുകളിലെയും രേഖകൾ ജില്ലാ ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ പരാമർശം മുൻപരിശോധന കുറിപ്പിലും ഉണ്ടായിരുന്നു. വിശദീകരണം നൽകി ന്യൂനത പരിഷരിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## ഭാഗം III

### പൊതു അഭിപ്രായം

ആഫീസ് പ്രവർത്തനം പൊതുവേ തൃപ്തികരമാണെങ്കിലും പദ്ധതി പ്രവർത്തനങ്ങളുടെ രേഖകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമുണ്ട്. പ്രത്യേകിച്ചു പ്ലാനിംഗ് & മോണിറ്ററിംഗ് സെക്ഷനിൽ, സ്വയം പര്യാപ്ത ഗ്രാമപദ്ധതി കോർപ്പസ് ഫണ്ടു വിനിയോഗിച്ചുള്ള പദ്ധതികൾ, ശ്രീ. അംബേദ്കർ ഗ്രാമ വികസന പദ്ധതി, എന്നീ പദ്ധതികൾക്കു പ്രത്യേക രജിസ്റ്ററുകൾ ഒന്നും തന്നെ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇത്തരം വലിയ തുകകൾ ചെലവഴിച്ചു നടത്തുന്ന പദ്ധതികളുടെ പ്രതിവർഷ പുരോഗതി വിവരം ലഭിക്കുന്നതിനു ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. നിലവിൽ മൂലമറ്റം ഗ്രാമ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലാണു ജില്ലാ ആഫീസ് പ്രവർത്തിക്കുന്നത്. സ്ഥല സൗകര്യം വളരെ പരിമിതമാണ്. ഇതിനുള്ളിൽ തന്നെയാണ് ഇലക്ട്രോണിക് ഉപകരണങ്ങളിൽ ഉപയോഗ ശൂന്യമായതും, മറ്റുതട ഉപകരങ്ങളും മറ്റും സൂക്ഷിച്ചിട്ടുള്ളത് ജില്ല ആഫീസിന്റെ പ്രവർത്തനത്തിനായി സൗകര്യ പ്രദമായ കെട്ടിടം സ്വന്തം നിലയിലോ, ആയതിനു കാലതാമസം ഉണ്ടാകും എന്നു ഉള്ളതിനാൽ വാടക ഇനത്തിലോ കണ്ടെത്തേണ്ടതുണ്ടെന്നു അഭിപ്രായപ്പെടുന്നു.

ജില്ലയ്ക്കു നിലവിൽ വാഹനത്തിൽ ഉപയോഗിക്കുന്നതിനു ഡീസൽ വാങ്ങുന്നതിനു പരിധി നിശ്ചയിച്ചിട്ടില്ല. എങ്കിലും ഈക്കാര്യത്തിൽ സുതാര്യത ആവശ്യമുണ്ട്. ആവശ്യമുള്ള ഡീസലിന്റെ അളവു കൃത്യമായി തിട്ടപ്പെടുത്തി ഇന്റഡൻഡ് രേഖാമൂലം നൽകി ഡീസൽ വാങ്ങേണ്ടതും ബില്ലു പ്രകാരമുള്ള ഉടമയുടെ/സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് മുഖേന നൽകേണ്ടതുമാണ്.

**വിശ്വസ്തതയോടെ**
**(ഒപ്പ്)**
**സീനിയർ ഫിനാൻസ് ആഫീസർ**

ആജ്ഞാനുസരണം

സൂപ്രണ്ട്